**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3169** **07-10-2025 - ൽ മറുപടിയ്ക്ക്**

**മദ്രസ അധ്യാപക ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സച്ചാർ കമ്മിറ്റിയുടെ നിർദേശ പ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റിന്റെ കുടിശിക എത്രയാണ്; എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളത്; അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയത്; വിശദാംശം നൽകാമോ; | (എ) | സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2008-ൽ വി.എസ്.അച്യുതാനന്ദൻ സർക്കാർ രൂപീകരിച്ച പാലൊളികമ്മീഷൻ റിപ്പോർട്ട് പ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച കേരള മദ്രസാധ്യാപക ക്ഷേമനിധിബോർഡിന് കോർപ്പസ് ഫണ്ടിനത്തിൽ 2008 ൽ പത്തുകോടി രൂപ അനുവദിച്ചിരുന്നു. ട്രഷറിയിലെ പലിശ രഹിത നിക്ഷേപത്തിന് ഇൻസന്റീവ് അനുവദിക്കുമെന്ന് സർക്കാർ പ്രാഖ്യാപിച്ചതിൻപ്രകാരം 2015-16 സാമ്പത്തിക വർഷം 3,75,33,000/-രൂപയും (മൂന്ന് കോടി എഴുപത്തിയഞ്ചു ലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ മാത്രം) , 2021-22 സാമ്പത്തിക വർഷത്തിൽ 4,16,59,000/-രൂപയും( നാല് കോടി പതിനാറുലക്ഷത്തി അമ്പത്തൊമ്പതിനായിരം രൂപ മാത്രം) ഇൻസന്റീവ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>മദ്രസാധ്യാപകർക്ക് ക്ഷേമ നിധിയിൽ നിന്നുള്ള വിവാഹധനസഹായം എന്ന ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റിൽ പ്രത്യേക ഗ്രാന്റ് അനുവദിക്കാറില്ല. |
| (ബി) | സർക്കാർ ഗ്രാന്റ് നൽകാത്തതു മൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോർപ്പസ് ഫണ്ട് റീ അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന | (സി) | ഇല്ല. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോർപ്പസ് ഫണ്ട് റീ അലോട്ട്മെന്റായി അഞ്ച് കോടി രൂപ SDG യിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | പ്രൊപ്പോസൽ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ